REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-05-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- ഗവർണർമാർ ബില്ലുകൾക്ക് അനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ച വിധിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു സുപ്രീംകോടതിയിൽ നിന്ന് വിശദീകരണം തേടി.
- രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ജമ്മു കശ്മീർ സന്ദർശനത്തിന്റെ ഭാഗമായി ശ്രീനഗറിലെത്തി.
- ആശാവർക്കർമാരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി.
- മലപ്പുറം കാളികാവിൽ കടുവ ആക്രമണത്തിൽ യുവാവ് മരിച്ചു.
- ബിഹാറിൽ ഖേലോ ഇന്ത്യ യൂത്ത് ഗെയിംസിന് ഇന്ന് സമാപനം.

## വാർത്തകൾ വിശദമായി

ഗവർണർമാർ ബില്ലുകൾക്ക് അനുമതി നൽകുന്നതിന് സമയപരിധി നിശ്ചയിച്ച വിധിയിൽ രാഷ്ട്രപതി ദ്രൗപതി മുർമു സുപ്രീംകോടതിയിൽ നിന്ന് വിശദീകരണം തേടി. ഭരണഘടനാപരമായി സമയപരിധി നിശ്ചയിക്കാത്ത ബില്ലുകളിൽ ഗവർണർമാർക്ക് ഇത്തരമൊരു നിർദേശം നൽകാൻ സുപ്രീംകോടതിയ്ക്ക് അധികാരമുണ്ടോ എന്നാണ് രാഷ്ട്രപതി റഫറൻസ് ആവശ്യപ്പെട്ടത്.

ഭരണഘടനയുടെ 143-ാം വകുപ്പിന്റെ ഒന്നാം അനുച്ഛേദപ്രകാരം സുപ്രധാന നിയമനിർമ്മാണങ്ങളിൽ സുപ്രീംകോടതിയോട് വിശദാംശങ്ങൾ തേടാൻ

രാഷ്ട്രപതിയ്ക്ക് അധികാരമുണ്ട്. 14 ചോദ്യങ്ങൾ അടങ്ങിയ കുറിപ്പാണ് രാഷ്ട്രപതി സുപ്രീംകോടതിയ്ക്ക് അയച്ചത്.

ഭരണഘടനയുടെ 200, 201 വകുപ്പുകൾ പ്രകാരം ഗവർണർമാരും രാഷ്ട്രപതിയും നിയമനിർമ്മാണത്തിൽ അനുമതി നൽകുന്നതിന് സമയ പരിധി നിശ്ചയിച്ചിട്ടില്ലെന്ന് കുറിപ്പിൽ വ്യക്തമാക്കി. ഗവർണറുടെ പരിഗണനയ്ക്ക് വരുന്ന ബില്ലിൽ ഭരണഘടനാപരമായ വിവേചനാധികാരം ഉപയോഗിച്ചാൽ അതിനെ കോടതിയിൽ ചോദ്യം ചെയ്യാനാകില്ലെന്ന വ്യവസ്ഥ നിലവിലുണ്ടെന്നും രാഷ്ട്രപതിയുടെ റഫറൻസിൽ പറയുന്നു.

✪✪✪

രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ജമ്മു കശ്മീർ സന്ദർശനത്തിന്റെ ഭാഗമായി ശ്രീനഗറിലെത്തി. ഈ മാസം ഏഴിന് ആരംഭിച്ച ഓപ്പറേഷൻ സിന്ദൂറിനെ തുടർന്ന് ഉണ്ടായ സുരക്ഷാ സ്ഥിതിഗതികൾ അദ്ദേഹം അവലോകനം ചെയ്യും. രാജ്യരക്ഷാ മന്ത്രാലയത്തിലെ മുതിർന്ന ഉദ്യോഗസ്ഥരും രാജ്നാഥ് സിംഗിനൊപ്പമുണ്ട്. ശ്രീനഗറിലെ സൈന്യത്തിന്റെ 15 കോർപ്സ് ആസ്ഥാനം സന്ദർശിക്കുന്ന രാജ്യരക്ഷാമന്ത്രി സൈനികരുമായി സംവദിക്കുകയും ചെയ്യും.

✪✪✪

ഓപ്പറേഷൻ സിന്ദൂറിന്റെ വിജയം ആഘോഷിച്ചും സായുധ സേനയുടെ ധീരതയ്ക്ക് അഭിവാദ്യം അർപ്പിച്ചും BJP അയോദ്ധ്യയിൽ തിരംഗ യാത്ര സംഘടിപ്പിച്ചു. ഗാന്ധി പാർക്കിൽ നിന്ന് ആരംഭിച്ച ഘോഷയാത്രയിൽ നിരവധി പ്രമുഖർ പങ്കെടുത്തു.

✪✪✪

വളരെ കാലമായി കാത്തിരുന്നതും ആവശ്യമായ നടപടിയുമായിരുന്നു ഓപ്പറേഷൻ സിന്ദൂർ എന്ന് ബ്രിട്ടീഷ് രാഷ്ട്രീയ നിരീക്ഷകനും എഴുത്തുകാരനുമായ ഡേവിഡ് വാൻസ് അഭിപ്രായപ്പെട്ടു. പാകിസ്ഥാൻ പരാജിത രാഷ്ട്രവും ഭീകരവാദം വിരിയിക്കുന്ന യന്ത്രവുമായി പ്രവർത്തിക്കുക യാണെന്നും വാൻസ് കുറ്റപ്പെടുത്തി.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാതല അവലോകനയോഗം തിരുവനന്തപുരത്ത് ആരംഭിച്ചു. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ചേരുന്ന യോഗത്തിൽ മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുക്കുന്നുണ്ട്.

✪✪✪

മുസ്‌ലിംലീഗ് ദേശീയ കൗൺസിൽ യോഗം ചെന്നൈയിൽ ആരംഭിച്ചു. ദേശീയ പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ യോഗം ഉദ്ഘാടനം ചെയ്തു. ദേശീയ-അന്തർദേശീയ രാഷ്ട്രീയ പ്രമേയങ്ങൾ കൗൺസിൽ ചർച്ച ചെയ്യും.

✪✪✪

മണിപ്പൂരിലെ ചന്ദേൽ ജില്ലയിൽ മ്യാന്മാർ അതിർത്തിക്ക് സമീപത്തുണ്ടായ ഏറ്റുമുട്ടലിൽ വിമത ഗ്രൂപ്പിലെ 10 പേരെ സൈന്യം വധിച്ചു. രഹസ്യ വിവരത്തെത്തുടർന്ന് ഇസ്റ്റേൺ കമാന്റ് നടത്തിയ നീക്കത്തിൽ വൻ ആയുധ ശേഖരവും കണ്ടെടുത്തു.

✪✪✪

2012 ലെ പോക്സോ നിയമവും 1986 ലെ ബാലവേല നിരോധന - നിയന്ത്രണ നിയമവും ഫലപ്രദമായി നടപ്പാക്കുന്നതിന് അവബോധം വർദ്ധിപ്പിക്കണമെന്ന് ദേശീയ ബാലാവകാശ സംരക്ഷ കമ്മീഷൻ ചെയർപേഴ്സൺ തൃപ്തി ഗുർഹ പറഞ്ഞു. കുട്ടികളുടെ സംരക്ഷണ നിയമത്തെ കുറിച്ച് പ്രചാരണവും അവബോധവും വർദ്ധിപ്പിക്കുന്നതിന് കമ്മീഷന്റെ നേതൃത്വത്തിൽ നടന്ന ദേശീയ ഓൺലൈൻ യോഗത്തിൽ സംസാരിക്കുകയായിരുന്നു അവർ.

✪✪✪

ബംഗലൂരുവിൽ അടക്കം കർണാടകയിലെ 30-ലധികം സ്ഥലങ്ങളിൽ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റിന്റെ റെയ്ഡ് പുരോഗമിക്കുന്നു. വരുമാനത്തിൽ കവിഞ്ഞ സ്വത്ത് സമ്പാദിച്ചെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് ഉദ്യോഗസ്ഥരുടെ വസതികളിലും ഓഫീസുകളിലും റെയ്ഡ് നടത്തുന്നത്.

✪✪✪

ഇന്ന് ലോക കുടുംബ ദിനം. കുടുംബ ബന്ധങ്ങളുടെ ഇഴയടുപ്പം ഓർമിപ്പിക്കുന്നതിനാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ എല്ലാവർഷവും മെയ് 15ന് ലോക കുടുംബ ദിനം ആചരിക്കുന്നത്.

സുസ്ഥിര വികസനത്തിന് കുടുംബാധിഷ്ഠിത നയങ്ങൾ: സാമൂഹിക വികസനത്തിന് രണ്ടാം ലോക ഉച്ചകോടിയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.

✪✪✪

സംസ്ഥാനത്തെ ആശാവർക്കർമാരുടെ ആവശ്യങ്ങൾ പഠിക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് സംസ്ഥാന ഗവൺമെന്റ് ഉത്തരവിറക്കി. വനിതാ ശിശു വികസന വകുപ്പ് ഡയറക്ടർ ഹരിത V കുമാർ ചെയർപേഴ്സണും ആരോഗ്യവകുപ്പ് അഡീഷണൽ സെക്രട്ടറി R സുഭാഷ് കൺവീനറുമായ അഞ്ചംഗ സമിതിയാണ് രൂപീകരിച്ചത്. ആശാപ്രവർത്തകരുടെ വിവിധ ട്രേഡ് യൂണിയൻ സംഘടനകളുടെ  പ്രതിനിധികളുടെ അഭിപ്രായങ്ങൾ കേട്ട ശേഷം മൂന്ന് മാസത്തിനകം സംസ്ഥാന ഗവൺമെന്റിന് റിപ്പോർട്ട് സമർപ്പിക്കാനാണ് ഉത്തരവ്.

✪✪✪

കൊച്ചി - ബംഗലൂരു വ്യവസായ ഇടനാഴിയുടെ മാസ്റ്റർ പ്ലാനും വിശദ പദ്ധതിരേഖയും തയ്യാറാക്കിയതായി മന്ത്രി P രാജീവ് അറിയിച്ചു. ഇടനാഴിയുടെ ഭാഗമായ പാലക്കാട് സ്മാർട്ട് സിറ്റിയുടെ പുതുശ്ശേരി  സെൻട്രലിലേയും കണ്ണമ്പ്രയിലേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് ടെണ്ടർ വിളിച്ചതായും മന്ത്രി ഫേസ്ബുക്കിൽ അറിയിച്ചു. നാല് വർഷം കൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയുടെ ആദ്യഘട്ട പാക്കേജിന് 1,100 കോടി രൂപയാണ് എസ്റ്റിമേറ്റ് തുക. 1,400 ഏക്കർ ഭൂമിയിലെ വികസന പ്രവർത്തനങ്ങൾക്കാണ് ഈ തുക കണക്കാക്കിയത്.

പദ്ധതിയ്ക്കായി ഭൂമി ഏറ്റെടുക്കുന്നതിന് കിഫ്ബി വഴി 1,789 കോടി 92 ലക്ഷം രൂപ സംസ്ഥാന ഗവൺമെന്റും അത്രയും തുക കേന്ദ്ര ഗവൺമെന്റും ചെലവഴിക്കുമെന്നും P രാജീവ് വ്യക്തമാക്കി.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് കഴിഞ്ഞ ആറ് ദിവസത്തിനിടെ 1360 പേർ  ഹജ്ജ് കർമ്മത്തിനായി യാത്ര തിരിച്ചു. ഇതിൽ 1124 പേർ സ്ത്രീകളാണ്.

കൂടുതൽ വിവിരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി K.O ശശിധരൻ.

.......വോയ്സ്........

ഇന്ന് പുലർച്ചെ 169 തീർത്ഥാടകരാണ് കണ്ണൂരിൽ നിന്ന് പുറപ്പെട്ടത്. രാത്രി 7.45നുള്ള വിമാനത്തിൽ 171 യാത്രക്കാരും എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ ജിദ്ദയിലേക്ക് പോകും. ഇതു വരെ യാത്ര തിരിച്ച 1360 തീർഥാടകരി ൽ 1124 സ്ത്രീകളും  236 പുരുഷന്മാരും ഉൾപ്പടുന്നു .ഇത്തവണ കണ്ണൂരിൽ നിന്ന് 4800 ഓളം തീർത്ഥാടകരാണ് ഹജ്ജ് കർമ്മം നിർവഹിക്കുന്നതിനായി പോകുന്നത്. തീർത്ഥാടകർക്ക് എല്ലാ സേവനങ്ങളും

ലഭ്യമാക്കുന്നതിനായി വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സിൽ 24 മണിക്കൂറും ഹജ്ജ് ക്യാമ്പ് പ്രവർത്തിക്കുന്നുണ്ട് . .ഈ മാസം 29 വരെയാണ് കണ്ണൂരിൽ നിന്നുള്ള ഹജ്ജ് സർവ്വീസ്

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് സർവീസ് നാളെ ആരംഭിക്കും. വൈകിട്ട് 5.55നും രാത്രി 8.20നും സർവീസുകൾ ഉണ്ടായിരിക്കും. ശനിയാഴ്ച വനിതാ തീർത്ഥാടകർക്ക് വേണ്ടിയാണ് സർവീസ്.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഇന്ന് ബിഹാറിൽ സമാപിക്കും. 56 സ്വർണമുൾപ്പെടെ 149 മെഡലുമായി മഹാരാഷ്ട്രയാണ് ഒന്നാം സ്ഥാനത്ത്. 35 സ്വർണം ഉൾപ്പെടെ 108 മെഡലുമായി ഹരിയാന രണ്ടാം സ്ഥാനത്തുണ്ട്, 12 സ്വർണമുൾപ്പെടെ 25 മെഡൽ നേടിയ കേരളം എട്ടാം സ്ഥാനത്താണ്.

✪✪✪

പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റിൽ വൈകിട്ട് വനിതാ വിഭാഗത്തിൽ സതേൺ സെൻട്രൽ റെയിൽവേ - ഇൻകം ടാക്സ് ബെംഗളൂരിനെ നേരിടും. പുരുഷ വിഭാഗത്തിൽ ഇന്ത്യൻ എയർ ഫോഴ്സ് - KSEBയുമായും ഏറ്റുമുട്ടും.

✪✪✪

മലപ്പുറം കാളികാവിൽ  കടുവ ആക്രമണത്തിൽ യുവാവ് മരിച്ചു.  ടാപ്പിംഗ് തൊഴിലാളിയായ ഗഫൂറാണ് മരിച്ചത്. നാട്ടുകാരുടെ തെരച്ചിലിനിടെയാണ് മൃതദേഹം കണ്ടെത്തിയത്.

വന്യമൃഗങ്ങളിൽ നിന്ന് ജനങ്ങളെ സംരക്ഷിക്കാൻ നടപടി  ആവശ്യപ്പെട്ട് പ്രദേശത്ത് നാട്ടുകാർ പ്രതിഷേധം തുടരുകയാണ്. കടുവയെ മയക്കുവെടി വെച്ച് പിടികൂടുന്നതിന് ഉത്തരവിറക്കാൻ കലക്ടർ സംഭവ സ്ഥലത്തെത്തണമെന്നാണ് നാട്ടുകാരുടെ ആവശ്യം.

✪✪✪

കൊച്ചി നെടുമ്പാശ്ശേരിയിൽ വാഹനത്തിന് സൈഡ് കൊടുക്കുന്നതും ആയി ബന്ധപ്പെട്ട തർക്കത്തെ തുടർന്ന്  ഇന്നലെ രാത്രി യുവാവിനെ കാറിടിച്ച് കൊലപ്പെടുത്തിയ സംഭവത്തിൽ, CISF കോൺസ്റ്റബിൾ മോഹൻകുമാറിനെ പൊലീസ് അറസ്റ്റ് ചെയ്തു. വാഹനം ഓടിച്ച മറ്റൊരു പ്രതി, CISF സബ് ഇൻസ്പെക്ടർ വിനയ് കുമാർ പരിക്കേറ്റതിനെ തുടർന്ന്സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലാണ്.

✪✪✪

തിരുവനന്തപുരത്ത് ജൂനിയർ അഭിഭാഷകയെ മർദ്ദിച്ച സീനിയർ അഭിഭാഷകൻ ബെയ്‌ലിൻ ദാസിനെ സംസ്ഥാന ഗവൺമെന്റും പൊലീസും സംരക്ഷിക്കാൻ ശ്രമിക്കുകയാണെന്ന് പ്രതിപക്ഷ നേതാവ് VD സതീശൻ കുറ്റപ്പെടുത്തി. സ്ത്രീത്വത്തെ അധിക്ഷേപിച്ചതിന് പുറമെ തൊഴിലിടത്ത് അപമര്യാദയായി പെരുമാറിയെന്ന വിഷയവും സംഭവത്തിലുണ്ടെന്നും അദ്ദേഹം വാർത്താകുറിപ്പിൽ അറിയിച്ചു. തദ്ദേശ തെരഞ്ഞെടുപ്പിൽ CPIM സ്ഥാനാർത്ഥിയായി മത്സരിച്ച ആളാണ് പ്രതിയെന്നും പാർട്ടി ബന്ധുവാണെങ്കിൽ, രക്ഷപ്പെടുത്തുന്ന പതിവുരീതിയാണ് ഗവൺമെന്റ് സ്വീകരിക്കുന്നതെന്നും VD സതീശൻ ആരോപിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത സൈനികർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും അഭിവാദ്യമർപ്പിച്ച് ത്രിവർണ്ണ സ്വാഭിമാനയാത്ര നാളെ വൈകീട്ട് കോഴിക്കോട്ട് നടത്തും. കിഡ്സൺ കോർണർ മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെയാണ് യാത്ര.

കണ്ണൂരിലും പൂർവ്വസൈനികരുടെ നേതൃത്വത്തിൽ നാളെ ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിക്കും. വൈകിട്ട് കണ്ണൂർ പ്രഭാത് ജംഗ്ഷനിലെ വിളക്കുംതറയിൽ നിന്ന് ആരംഭിക്കുന്ന യാത്ര ഹെഡ് പോസ്റ്റ് ഓഫീസിനടുത്ത് യുദ്ധ സ്മാരകത്തിൽ സമാപിക്കും.

✪✪✪

പാലക്കാട് മലമ്പുഴ ഡാമിൽ സഹോദരങ്ങളെ മുങ്ങിമരിച്ച നിലയിൽ കണ്ടെത്തി. പാലക്കാട് പൂളക്കാട് സ്വദേശി നസീഫിന്റെ മക്കളായ മുഹമ്മദ് നിഹാൽ, ആദിൽ എന്നിവരാണ് മരിച്ചത്.

ഇന്നലെ വൈകീട്ട് കാണാതായ കുട്ടികൾക്കായി ഫയർഫോഴ്സും നാട്ടുകാരും തിരച്ചിൽ നടത്തിയിരുന്നു. രാവിലെ മത്സ്യത്തൊഴിലാളികളാണ് മൃതദേഹം കണ്ടെത്തിയത്.

✪✪✪

കണ്ണൂർ മലപ്പട്ടത്ത് യൂത്ത് കോൺഗ്രസ് പദയാത്രക്കിടെയുണ്ടായ സംഘർഷത്തിൽ പൊലീസ് കേസെടുത്തു. 50 യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതി രെയും 25 CPIM പ്രവർത്തകർക്ക് എതിരെയുമാണ് മയ്യിൽ പൊലീസ് കേസെടുത്തത്.

തുടർ സംഘർഷങ്ങൾ ഒഴിവാക്കാൻ പ്രദേശത്ത് പൊലീസ് സുരക്ഷ ശക്തമാക്കി. മലപ്പട്ടത്ത് കോൺഗ്രസ് ബോധപൂർവം അക്രമം ഉണ്ടാക്കാൻ ശ്രമിക്കുന്നുവെന്ന് ആരോപിച്ച് CPIM വൈകിട്ട് പ്രതിഷേധ പൊതുയോഗം വിളിച്ചിട്ടുണ്ട്.

✪✪✪

സ്വർണവില കുറഞ്ഞു. പവന് 1,560 രൂപ കുറഞ്ഞ് 68,880 രൂപയായി. 8,610 രൂപയാണ് ഇന്നത്തെ ഗ്രാം വില.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: ഫസ്ന ഫാത്തിമ*
*News Team:അനിൽ ചന്ദ്രൻ*
*DEO: സി കെ സുബോധ്*

आकाशवाणी